**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7225** **16.07.2012-ലെ മറുപടിക്ക്**

**തളിപ്പറമ്പ് താലൂക്കിലെ വില്ലേജുകളിൽ കൈവശക്കാർക്ക് പട്ടയം**

| <u>ചോദ്യം</u><br>**ശ്രീ. സി. കൃഷ്ണൻ** | | <u>മറുപടി</u><br>**ശ്രീ. അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | തളിപ്പറമ്പ് താലൂക്കിലെ പെരിങ്ങോം, കുറ്റൂർ, ആലപ്പടമ്പ്, കാങ്കോൽ വില്ലേജുകളിൽ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തതും നികുതി സ്വീകരിക്കാത്തതും സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (എ) | തളിപ്പറമ്പ് താലൂക്കിലെ കാങ്കോൽ ഒഴികെയുള്ള വില്ലേജുകളിൽ പട്ടയം ലഭിക്കാത്തതും നികുതി സ്വീകരിക്കാത്തതും സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | 1) പെരിങ്ങോം - ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ലാന്റ് ബോർഡിന്റെ എൽ.ബി.(ബി5)7681/70 പ്രകാരം കെ.യു.ജോൺ എന്നവരിൽ നിന്നും ഏറ്റെടുത്ത റീസർവ്വേ 317/1എ യിലെ ഭൂമിയിലെ അനധികൃത കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കുന്നില്ല. വില്ലേജിലെ റീസർവ്വെ പൂർത്തിയായപ്പോൾ മിച്ചഭൂമിയുടെ വിസ്തീർണ്ണം കുറയുകയുണ്ടായി. സർക്കാർ അധീനതയിലുള്ള ഭൂമി സ്വകാര്യ ഭൂമിയായി റീസർവ്വെ റിക്കാർഡുകളിൽ വന്നതിനാലാണിത്. റിസർവ്വേയ്ക്ക് മുൻപുള്ള റീസർവ്വേ 317/1എ യിൽ ഉൾപ്പെട്ടതും മിച്ചഭൂമിയായി റിക്കാർഡിൽ വന്നിട്ടില്ലാത്തതുമായ ഭൂമിയിലെ കൈവശക്കാരുടെ രേഖകളും മറ്റും പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

2) കുറ്റൂർ - തളിപ്പറമ്പ് താലൂക്ക് ലാന്റ് ബോർഡിന്റെ ടി.എൽ.ബി.536/73/ടി.ബി.എ. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി വേങ്ങയിൽ ലക്ഷ്മിയമ്മ എന്നവരിൽ നിന്നും കുറ്റൂർ വില്ലേജിൽ ഏറ്റെടുത്ത 56.53 ഏക്കർ മിച്ചഭൂമിയിൽ കൈയ്യേറി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുള്ളതായും, പ്രസ്തുത ഭൂമി കൈയ്യേറി കൈവശം വെയ്ക്കുന്നവരും പ്രസ്തുത ഭൂമിയിൽ അവകാശം ഉന്നയിച്ചിട്ടുള്ള മലബാർ ആയുർവ്വേദിക് ഉടമ ശ്രീ. ഹരിതൻ എന്നവരും തമ്മിലുള്ള വ്യത്യസ്ത കേസ്സുകൾ കോടതികളിൽ നിലവിലുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസ്സുകൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

3) ആലപ്പടമ്പ് - അംശം കുറ്റവേലി ദേശത്ത് റീസർവ്വേ നമ്പർ 1/1 ൽ പ്പെട്ട് 245.81 ഏക്കർ സ്ഥലം കെ.യു.ജോൺ എന്നവരിൽ നിന്നും ഏറ്റെടുത്തിരുന്നു. ഈ ഭൂമിയിൽ അനധികൃതമായി കൈയ്യേറി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാണ് നിവേദനം നൽകിയിട്ടുള്ളതെന്നും കൈവശക്കാരുടെ ലിസ്റ്റും സ്കെച്ചും അടങ്ങിയ വിശദമായ റിപ്പോർട്ട് തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടുള്ളതിൽ മേൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ എ.എസ്.എൽ. തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എ.എസ്.എൽ. തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം കൈയ്യേറ്റക്കാർ ഭൂരിഭാഗവും ഭൂമി പതിച്ച് ലഭിക്കുവാൻ അർഹരാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ വിശദമായ ഒരു വ്യക്തിഗത റിപ്പോർട്ടും നിലവിൽ മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുവാൻ ആലപ്പടമ്പ് വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കുന്നതിനും കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**(സി)** മിച്ചഭൂമി കൈയ്യേറി കൈവശം വെച്ചുവരുന്നവർക്ക് ഭൂമി പതിച്ചു നൽകുവാൻ നിവിലുള്ള നിയമപ്രകാരം സാധിക്കുകയില്ല. മിച്ചഭൂമി പതിച്ചു നൽകുവാനായി അപേക്ഷ സ്വീകരിക്കുമ്പോൾ കൈയ്യേറി താമസിക്കുന്ന കൈവശക്കാർക്ക് മുൻഗണന നൽകി പതിച്ചു നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസർ.